# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM24/2873/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM24/2873/22

തീയ്യതി: 03/01/2023

# മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2021 മുതൽ 22-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയരക്ടർ | 22-11-2022 | 30-11-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2022 | 30-11-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുന്നാസർ പി. ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സലീം ടി. അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.സി അബ്ദുറഹിമാൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. നാരായണൻ എം | സെക്രട്ടറി | 01-04-2021 | 04-05-2021 |
| ശ്രീ. പി.അരവിന്ദൻ | സെക്രട്ടറി | 05-05-2021 | 17-05-2021 |
| ശ്രീ. നാരായണൻ എം | സെക്രട്ടറി | 18-05-2021 | 04-08-2021 |
| ശ്രീമതി. ശ്രീലത പി.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2021 | 11-08-2021 |
| ശ്രീ.ആരിഫുദ്ദീൻ എ | സെക്രട്ടറി | 12-08-2021 | 31-03-2022 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീലത പി.ജി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.ഷെറിൻ കൃഷ്ണ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.അജിത ടി.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ഷർജാൻ അഹമ്മദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. വിമൽ റോയ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ഉസ്മാൻ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. സുബൈർ ബാബു | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലിജിത എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഹുസ്ന സി.എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 27-05-2021 |
| ശ്രീ. സുനിൽകുമാർ എം.പി | ക്ഷീര വികസന ഓഫീസർ | 28-05-2021 | 04-10-2021 |
| ശ്രീമതി. നസീമ കെ | ക്ഷീര വികസന ഓഫീസർ | 05-10-2021 | 31-12-2021 |
| ശ്രീമതി. നൗഷ കെ.എം | ക്ഷീര വികസന ഓഫീസർ | 01-01-2022 | 31-03-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ എൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. മുഹമ്മദ് എ.കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13 |
| 14 | കെട്ടിടത്തിന്റെ തരം/ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു | 1-14 |
| 15 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-15 |
| 16 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-16 |
| 17 | PHC മെഡിക്കൽ ഓഫീസറുടെ വിവിധ പദ്ധതി ചെലവ് - സ്റ്റോക്ക് അപാകതകൾ | 1-17 |
| 18 | തെറ്റായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയത് കാരണം മരുന്നുകൾ ലഭ്യമായില്ല, യഥാസമയം തുടർനടപടി സ്വീകരിച്ചില്ല. 23.6 ലക്ഷം രൂപ ലാപ്സായി | 1-18 |
| 19 | പരിരക്ഷ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-19 |

| | | |
|---|---|---|
| 20 | ഐറിഷ് ഡ്രെയ്ൻ കോൺക്രീറ്റ് പ്രവത്തിക്ക് അധിക നിരക്ക് പ്രകാരം നൽകിയ 21247 രൂപ തിരികെ ഈടാക്കി.. | 1-20 |
| 21 | കാലാവധി ദീർഘിപ്പിക്കൽ നടപടിക്രമങ്ങൾ പാലിച്ചില്ല.ഓഡിറ്റ് നിർദ്ദേശം - 43419 രൂപ പിഴ ഈടാക്കി. | 1-21 |
| 22 | കൺവീനർക്ക് അധികം തുക നൽകിയത് തിരിച്ച് ഈടാക്കേണ്ടതാണ് | 1-22 |
| 23 | പച്ചക്കറി കൃഷി വികസനം-അപാകതകൾ | 1-23 |
| 24 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-24 |
| 25 | പോഷകാഹാര വിതരണം - അപാകതകൾ | 1-25 |
| 26 | ഭവനനിർമാണം പൂർത്തീകരിച്ചില്ല. | 1-26 |
| 27 | എസ്.എസ്.എ. വിഹിതം- വിനിയോഗ സാക്ഷ്യപത്രത്തിലെ പൊരുത്തക്കേട് സംബന്ധിച്ച് | 1-27 |
| 28 | സാനിറ്ററി നാപ്കിൻ ഇൻസിനേറ്റർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-28 |
| 29 | ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നില്ല | 1-29 |
| 30 | ഡ്രൈവറുടെ വേതനം മാസ പരിധിയിൽ ലിമിറ്റ് ചെയ്തില്ല. | 1-30 |
| 31 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-31 |
| 32 | പി.എം.എ.വൈ. വിഹിതം നൽകി- തുക തിരിച്ചടവാക്കിയതിന്റെ ചെലാൻ പകർപ്പ് ലഭ്യമാക്കിയില്ല. | 1-32 |
| 33 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-33 |
| 34 | ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം - ജില്ലാ പഞ്ചായത്തിന് കൈമാറിയ തനത്ഫണ്ട് സർക്കാരിലേക്ക് തിരിച്ചടവാക്കി- ഗ്രാമ പഞ്ചായത്തിന് 1.5 ലക്ഷം രൂപയുടെ നഷ്ടം | 1-34 |
| **ഭാഗം 2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൺവിനർക്ക് അധികം തുക നൽകിയത് തിരിച്ച് ഈടാക്കേണ്ടതാണ് | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ ത |
|---|---|
| 1 (1)/18-02-2021 | |

**1-1(1) ബജറ്റ് - രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകതകളും.**

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടു നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്.

A) ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. മെഡിക്കൽ ഓഫീസർ( ആയുർവ്വേദം, പി.എച്ച്.സി), വെറ്റിനറി സർജൻ, കൃഷി ഓഫീസർ, ഐ.സ അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ മറ്റ് സ്ഥാപന തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ ഹാജരാക്ക

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത് ഹാജ

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ 5.1&5.2 ഹാജരാക്കിയിട്ടില്ല.

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇതു സംബന്ധിച്ച് പഞ്ചാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

B) ബജറ്റ് നടപടിക്രമങ്ങളും ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും പാലിച്ചില്ല

1. ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ ചേർക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

2. വിവിധ സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ ജനുവരി 15ന് മുൻപായി സെക്രട്ട എന്നാൽ നിർദ്ദേശങ്ങൾ സമർപ്പിച്ച സ്ഥാപന മേധാവികളിൽ മേൽ സമയക്രമം പാലിച്ചിട്ടില്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ജനുവരി 22ന് മുൻപായി ചർച്ച ചെയ്യേണ പാലിച്ചിട്ടില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1ന് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് സമർപ്പിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.**(ഓഡിറ്റ് അന്വേ 22/24.11.2022-മറുപടി ലഭ്യമായിട്ടില്ല)**

## 1-2 വാർഷിക ധനകാര്യ പത്രിക

| | ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരി ലഭിച്ച തീയതി |
|---|---|---|---|---|
| | | | | |

| | | | |
|---|---|---|---|
| 31.07.2022 | 20-08-22 | - | - |

വാർഷിക കണക്ക് യഥാസമയം സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29663788 |
| വരവ് | 121413064 |
| ആകെ | 151076852 |
| ചെലവ് | 113935547 |
| നീക്കിയിരിപ്പ് | 3714305 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19921322 | 19921322 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10699730 | 1069973( |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7073471 | 7073471 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17560000 | 1756000( |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 12185089 | 12185089 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | ം | 5171989 | 5171989 |
| ബി ഫണ്ട് | 0 | 75694000 | 7569400( |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാക (എണ്ണം) |
|---|---|---|---|---|---|
| 283 | 155986436 | 230 | 98749799 | 0 | 53 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണചെലവുകൾ | 8404 | 704973 | 713377 | 622936 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30420310 | 30420310 | 304203 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6716800 | 4285 |
| വിധവാപെൻഷൻ | 22881400 | 14413 |
| വാർദ്ധക്യകാലപെൻഷൻ | 37178000 | 24318 |
| വികലാംഗപെൻഷൻ | 7597400 | 4797 |
| വിവാഹ ധന സഹായം | 420000 | 14 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 820400 | 515 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരി മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

2 . വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടക്കുന്നില്ല.

3. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ സാധ്യമാക്കുന്നതിന് മരാമ ക്രമീകരിക്കുന്ന കാര്യത്തിൽ ഭരണ സമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2022 മുതൽ 11.11 .2022 വരെ | 02/2021 മുതൽ 10/2022 വരെ | 1 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-12-2009മുതൽ 22-12-2009 വരെ | 2004-05മുതൽ 2008-09 വരെ | 2 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അ
ചേർക്കുന്നു.

1) വാർഷിക കണക്ക് പ്രകാരം ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 66653 വിഹിതത്തിൽ 2,111,700/- രൂപയും നീക്കിയിരിപ്പുണ്ട്. തൻവർഷത്തിൽ മേൽ ഇനങ്ങളിൽ നീക്കി തുകകൾ ഏതൊക്കെ വർഷങ്ങളിലെ നീക്കിയിരിപ്പാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2) ബിൽ രജിസ്റ്റർ, ചെലവ് പത്രിക എന്നിവ പ്രകാരം KSEBക്ക് ഡെപ്പോസിറ്റ് വർക്കിനായി 148005 എന്നാൽ RP47 പ്രകാരം KSEBക്ക് നൽകിയത് 162690/- രൂപയാണ്.

3) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്ര ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് |
|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക പ്രകാരം |
| തൻവർഷം | 5771938 | 5771938 | 5763917 | 5767642 | 15891 |
| കുടിശ്ശിക | 809092 | 851448 | 836147 | 840548 | 15886 |

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schec പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ഐ.സി.ഡി.എസ്. സ്പെസിഫിക് പർപ്പസ് ഗ്രാന്റ് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വ

7) തൊഴിൽ നികുതി രജിസിറ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്ത് രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.28/29-11-2022 ന്

## 1-12 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, ഡി&ഒ ലൈ തുടങ്ങിയവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ കണ്ട അപാകതകൾചുവടെ ചേർക്കുന്നു.

(I) കൂടുതൽ ആളുകൾ ജോലി ചെയ്യുന്നതായി നിരവധി സ്ഥാപനങ്ങൾ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായ ജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാ |
|---|---|---|---|
| 1 | 3 | എം.കെ.എച്ച് ട്രേഡേഴ്സ്-അടക്ക സംസ്കരണം | 15 |
| 2 | 4 | എം.കെ.എച്ച് സൂപ്പർ മാർക്കറ്റ് | 10 |
| 3 | 5 | പി.ടി.എം ട്രേഡേഴ്സ്-അടക്ക വ്യാപാരം | 20 |

| | | | |
|---|---|---|---|
| 4 | 127 | എ.എം ട്രേഡേഴ്സ്-അടക്ക സംഭരണം, വിൽപ്പന | 10 |
| 5 | 152 | ഫാബിയോൺ ഗാർമെന്റ്സ് | 300 (40പേരുടെ തൊഴി ഈടാക്കിയത്). |
| 6 | 179 | ഒനിക്സ് മാർബിൾസ് | 8 |
| 7 | 228 | ദീവാൻ സൂപ്പർ മാർക്കറ്റ് | 5 |
| 8 | 235 | ഐ.ജി. ഗോൾഡ് | 5 |
| 9 | 244 | സ്റ്റാർ ഫുഡ്സ് | 8 |
| 10 | 331 | ക്രസന്റ് ഗ്രാനൈറ്റ് | 6 |

(Ii) ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള സ്കൂളുകൾ ഉൾപ്പടെ ചുവടെ ചേർത്ത നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | അൽ ഇർഷാദ് പബ്ലിക് സ്കൂൾ-തൃപ്പനച്ചി |
| 2 | അൽ ഫാറൂഖ് സ്കൂൾ-തൃപ്പനച്ചി |
| 3 | പ്രിസ്റ്റൈൻ വാലി കോളേജ്-പൂക്കൊളത്തൂർ |

മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചു ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 01/2021-22/24.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മേ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3 ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ച ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ചതും പാരാമെഡിക്കൽ ര സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം, കെട്ടിട നമ്പർ |
|---|---|---|
| 1 | 238 | മെഡിക്കൽ ലബോറട്ടറി. 6/335 DEFG |
| 2 | 322 | ദന്താശുപത്രി. 5/159 |

മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ തരം/ഉപയോഗ ക്രമം പരിശോധിക്കാതെ ലൈസൻസ് അനു

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേ അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് ഒക്കുപ്പൻസി അനുവദിച്ച/നികുതി നിർണ്ണയിച്ച അതേ ആവശ്യ തന്നെയാണോ ലൈസൻസ് അനുവദിക്കുന്നത് എന്നത് പ്രത്യേകം പരിശോധിക്കേണ്ടതാണ്. ലൈസൻസുകൾ അനുവദിച്ചപ്പോൾ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പാർപ്പിട കെട്ടിടങ്ങളിലു വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | ലൈസൻസ് അനുവദിച്ച വാർഡ്/കെട്ടിട നമ്പർ , തരം |
|---|---|---|---|
| 1 | 90 | പൊടിമിൽ നടത്തുന്നതിന് | 6/15-പാർപ്പിട കെട്ടിടം |
| 2 | 122 | ഹോട്ട് മിക്സിംഗ് പ്ലാന്റ് | 15/189C-വാണിജ്യ കെട്ടിടം<br>(2021-22 വർഷത്തിൽ ലൈസൻസ് രജിസ്റ്ററിൽ െ രൂപയും തൊഴിൽ നികുതി 2500 രൂപയും ഈടാക്കിയ ലൈസൻസ് കോപ്പി ഫയലിൽ ഇല്ല, 2020-21ലും 20 ലൈസൻസ് അനുവദിച്ചിട്ടുണ്ട്) |
| 3 | 180 | ചെരുപ്പ് നിർമ്മാണം | 9/148A-വാണിജ്യ കെട്ടിടം |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 03/2021-22/24.11.2022ന് ലഭ്യമാക്കിയ മറുപടിയിൽ, പട്ടികയി സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെ സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ല എന്നുമാണ് അറിയിച്ചത്.

PCB സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ ലൈസൻസ് അനുവദിക്കാത്ത ക്രമ നം. 2 പ്രകാരമുള്ള സ്ഥാപന ഫീസും തൊഴിൽ നികുതിയും ഈടാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതു വർഷത്തിലും ടി സ്ഥാപനം പ്രവർത്തിക്കുന്നതിനാൽ 2021-22ൽ ലൈസൻസ് അനുവദി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെക്കുന്നതിന് നോട്ടീസ് നൽകുകയോ ടി സ്ഥാപനം പ്രവ വരുത്തുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നടപ്പ് വർ പ്രവർത്തിക്കുന്നതിനാൽ ടി സ്ഥാപനം ഉൾപ്പടെ പട്ടികയിലെ സ്ഥാപനങ്ങളുടെ കെട്ടിടം തരം നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘന

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതു ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പി ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പു നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ. അബ്ദുൽ സലാം കെ എന്നവർക്ക് സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത ലൈസൻസ

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടി തരം |
|---|---|---|---|
| 288/2021-202 Dtd. 01.10.2021 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | ദീവാൻ സൂപ്പർ മാർക്കറ്റ് | 13/195 G,H,I കെട്ടിടം |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

13/195 G,H,I എന്നീ കെട്ടിട നമ്പറുകളിലായി ആകെ 288.62 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന്, 'വാ ച.മീ- ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ച.മീ-ന് 50 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസ ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മു സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 70 രൂപ നിരക്ക ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രക ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 288.62x(70-50)=5772.4+(20% വഴി വർദ്ധന)=692 സംഭവിക്കുന്നുണ്ട്. ടി കെട്ടിടത്തിലെ തന്നെ മുകളിൽ പരാമർശിക്കാത്ത കടമുറികളിൽ മേൽ സ്ഥാ എന്നതും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരമെങ്കിൽ ആയതിന്റെ കൂടി നികുതി പുതുക്കി നിർണ്ണയി എന്നാൽ ചട്ടപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/2021-22/24.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാ ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-ഹോമിയോ

പദ്ധതി നം. : 54/21-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 3,00,000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)

ചെലവ് വിവരം : BRN 21150252024600739648/16.11.2021, ₹3,00,000/-

പദ്ധതി ഫയൽ പരിശോധിച്ചതിൽ, ഹോംകോ-യുടെ പ്രഫോമ ഇൻവോയ്സ് നമ്പർ PF1031/ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആകെ 3,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളി

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/24.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മരു
അറിയിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 PHC മെഡിക്കൽ ഓഫീസറുടെ വിവിധ പദ്ധതി ചെലവ് - സ്റ്റോക്ക് അപാകത

മെഡിക്കൽ ഓഫീസർ – PHC, 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ പ
ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് പരിപാലിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ

| ക്രമനം | ചെക്ക്/വൗച്ചർ നം/തിയതി | തുക | പദ്ധതി , ഉദ്ദേശം | അപാകതകൾ |
|---|---|---|---|---|
| 1 | JM 5819078/14.03.22 | 49842 - തനത് ഫണ്ട് | 284/21-22, PHC ഫാർമസി AC സ്ഥാപിക്കൽ - AC വാങ്ങിയത്. BST Air Conditioning& Refrigeratio Pvt Ltd Inv. No.21RIV0073/24.01.22 | 1) ഉപകരണങ്ങളിൽ (എ.ന നമ്പറോ പദ്ധതി രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രകാരം ലഭ്യമായ ഉപക എന്നത് ഉറപ്പ് വരുത്താനാ 2) UPS ലഭ്യമായി സ്റ്റോ ലഭ്യമാക്കിയിട്ടില്ല. 3)) ഉപകരണങ്ങൾ ലഭ്യമ വാറണ്ടി വിവരങ്ങൾ സ്റ്റോ വാറണ്ടി വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ സ്ഥാപിച്ച ഉടനെ തന്നെ വാറണ്ടി ഉള്ളതാണോ പോകുകയും, ആയത് സ്ഥാപിക്കുകയോ റിപ്പയർ വരുന്നു. ഇത് കണ്ടിജ ചെലവിലേക്ക് വഴി വെക്കു |
| 2 | Bill 23/31.03.22 | 99960 – മെയിന്റനൻസ് ഫണ്ട്- റോഡിതരം | 75/21-22, PHC ക്കും ഉപകേന്ദ്രത്തിനും കംപ്യൂട്ടർ വാങ്ങൽ. 2 പ്രിന്റർ-, 2 ഡെസ്ക്ടോപ്പ് കംപ്യൂട്ടർ, 2 UPS-വാങ്ങിയത് | |

കംപ്യൂട്ടർ / ഇലക്ട്രോണിക് മറ്റ് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയ
സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി
രേഖപ്പെടുത്തി, രജിസ്റ്ററിൽ ഓരോ കംപ്യൂട്ടറുകൾക്കും / ഉപകരണങ്ങൾക്കും പ്രത്യേക പേജു
കംപ്യൂട്ടറുകൾ/ഉപകരണങ്ങൾ റിപ്പയർ/പാർട്സ് മാറ്റി വെക്കൽ നടത്തുമ്പോൾ ആ വിവരവും മാറ്റി വെ
വാറണ്ടി വിവരവും ടി പേജുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിച്ചാൽ മേൽ പരാമ
ചെലവുകൾ ഒഴിവാക്കാവുന്നതും ചെലവ് തുകക്കുള്ള പ്രയോജനം സ്ഥാപനത്തിന് ലഭിക്കുന്നതുമാണ്.
സ്വീകരിച്ചിട്ടില്ല. സ്റ്റോക്ക്/മൂവബിൾ അസ്സറ്റ് രജിസ്റ്ററിലോ ഉപകരണങ്ങളിലോ സ്റ്റോക്ക് നമ്പറോ, എ
ലഭ്യമായതാണ് എന്നത് സംബന്ധിച്ച വിവങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 32/2021-22/30.11.2022ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക്
പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. രജിസ്റ്ററിലും ഉപകരണങ്ങളിലും സ്റ്റോക്ക് നമ്പർ ഉൾപ്പടെ
തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 തെറ്റായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയത് കാരണം മരുന്നുകൾ ലഭ്യമായി തുടർനടപടി സ്വീകരിച്ചില്ല. 23.6 ലക്ഷം രൂപ ലാപ്സായി

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള വിവിധ
മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പേരിൽ PUNB0362400 നമ്പർ IFSC കോഡ് നമ്പറിൽ,
അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നതിന് പണം പിൻവലിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർ

| ക്രമ നം | പദ്ധതി നം, പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുക, ബിൽ നം | KMSCL പ്രഫോമ ഇൻവോയ്സ് നം | കുറിപ്പ് |
|---|---|---|---|---|---|
| 1 | 71/22<br>വൃദ്ധർക്ക് മരുന്ന് വാങ്ങൽ | 5,00,000/-<br>വികസന ഫണ്ട് ജനറൽ | 5,00,000/-<br>07/27.08.21 | PRF1657/12.08.2021<br>Rs. 5,00,000/- | ട്രഷറി ബി<br>ലഭ്യമാക്കിയി<br>ഇൻവോയ്സ്<br>മരുന്നുകൾ<br>ലഭ്യമായിട്ടില്ല |
| 2 | 58/22,<br>പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ | 11,00,000/-<br>മെയിന്റനൻസ് ഫണ്ട്-റോഡിതരം | 11,00,000/-<br>06/27.08.21 | PRF1649/12.08.21<br>Rs.11,00,000/- | പ്രഫോമ<br>പ്രകാരമുള്ള മ<br>തന്നെ ലഭ്യമാ |
| 3 | 61/22,<br>കിഡ്നി/ കാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ | 12,03,096/- ,<br>408096-വിക. ഫണ്ട്-ജനറൽ +<br>795000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം. | (1) 407943/-<br>22/19.03.22,<br>(2) 641348/-<br>15/11.01.22,<br>(3)<br>153588/-<br>21/19.03.22 | PRF 2752/18.10.21<br>Rs. 260878/- | ചെലവ് തുക<br>ബില്ലിൽ നി<br>രൂപ KMSCL<br>മുഴുവൻ<br>ഫാർമസിക്കു<br>നൽകിയത്,<br>ഫാർമസിയു<br>ലഭ്യമായിട്ടുണ്ട<br>KMSCLപ്രഫോ<br>പ്രകാരമുള്ള മ<br>തന്നെ ലഭ്യമാ |
| 4 | 67/22<br>മാനസിക രോഗികൾക്കുള്ള മരുന്ന് വാങ്ങൽ | 5,00,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം | 499994/-<br>18/11.02.22 | PRF1812/26.08.21<br>Rs. 499994/- | പ്രഫോമ<br>പ്രകാരമുള്ള മ<br>തന്നെ ലഭ്യമാ |
| ആകെ | | | | **23,60,872/-** | |

മേൽ ബില്ലുകൾ പ്രകാരം KMSCL ന് തുകകൾ അനുവദിച്ചിരിക്കുന്നത് മുകളിൽ പരാമർ നമ്പറിലേക്കാണ്. ആയതിനാൽ തന്നെ KMSCL ന്റെ ശരിയായ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നമ്പർ- ക്രഡിറ്റ് വരാത്തതിനാൽ മരുന്നുകൾ KMSCL വിതരണം ചെയ്തിട്ടില്ല. ബില്ലിൽ സംഭവിച്ച മേ നൽകുന്നതിന് സാമ്പത്തിക വർഷാവസാനം വരെ യാതൊരു തുടർ നടപടിയും മെഡിക്കൽ ഇക്കാരണത്താൽ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാകാതെ വരികയും വകയിരുത്തിയ ഫണ്ട് തുക 31.3.2022 വരെ ട്രഷറിയുടെ സസ്പെൻസ് അക്കൗണ്ടിൽ അവശേഷിക്കുകയും സാമ്പത്തിക വർ 3604-00-911-99 എന്ന ശീർഷകത്തിലേക്ക് തിരികെ അടവാക്കുകയും ചെയ്തിട്ടുള്ളതായി മഞ്ചേര 29.11.2022 ലെ ബി5/194/2022 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്.

അക്കൗണ്ട് നമ്പറിലെ പിശക് തിരുത്തി KMSCL ന്റെ ശരിയായ അക്കൗണ്ടിലേക്ക് പണം ക്ര നടപടി സ്വീകരിക്കാതിരുന്ന മെഡിക്കൽ ഓഫീസർ കൃത്യ നിർവ്വഹണത്തിലും മേൽ നോട്ടത്തിലും കാണിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/28.11. പി.എച്ച്.സി.യിലെ ക്ലാർക്കിന് സംഭവിച്ച അശ്രദ്ധ കാരണമാണ് അക്കൗണ്ട് നമ്പറിൽ പിശക് വ നിർവ്വഹണത്തിൽ വീഴ്ചകൾ വരുത്തിയതിനാൽ സസ്പെൻഷനിലാണെന്നും ക്ലാർക്കിന്റെ നിസ്സഹ സമയബന്ധിതമായി പിഴവ് തിരിച്ചറിയാൻ സാധിക്കാതിരുന്നതെന്നും മെഡിക്കൽ ഓഫീസർ പരിഹരിച്ച് ട്രഷറിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് ആറ് മാസത്തോളം സമയമുണ്ടായിട്ടും യഥാ സ്വീകരിക്കാതിരുന്നത് മെഡിക്കൽ ഓഫീസറുടെ ഭാഗത്തുള്ള വീഴ്ചയാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി, ആരോഗ്യ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ്, ആശുപത്രി നിയമാനുസൃത കമ്മിറ്റികളിലൊന്നിലും ടി-പ്രോജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ യഥാസമയ ചെയ്യപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷ നിർവ്വഹണത്തിന്റെ ഫലപ്രാപ്തി പരിശോധനാവിധേയമാക്കിയിട്ടുമില്ല. അത് കൊണ്ട് തന്നെ മേൽ മരുന്നുകൾ കിട്ടിയോ എന്നത് സംബന്ധിച്ച് ഒരു തലത്തിലും മോണിറ്ററിംഗ് നടന്നിട്ടുമില്ല.
ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് ഉപകാരപ്പെടേണ്ട ഫണ്ട് ലാപ്സായത് ഗുരുതര വീഴ്ചയായി ഓ പഞ്ചായത്തിന് നഷ്ടമായ ഫണ്ട് തിരികെ ലഭിക്കുന്നതിന് ഭരണ സമിതിയുടെ ഭാഗത്ത് ഉണ്ടാവേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19 പരിരക്ഷ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി നം.59/21-22-പരിര മരുന്നുകൾ ലഭ്യമാക്കുന്നതിനായി PRF1816/26.08.21 ന്റെ അടിസ്ഥാനത്തിൽ, ബിൽ നം. 08/27.08.202 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 3,35,281/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമ

| ക്രമ നം | KMSCL ഇൻവോയ്സ് നം | രു |
|---|---|---|
| 1 | 7460/16.10.2021 | 3 |
| 2 | 8732/09.11.22 | 7 |
| 3 | 8667/08.11.21 | 6 |
| 4 | 3977/08.06.22 | 1 |
| 5 | 4135/09.06.22 | 3 |
| 6 | 11061/15.09.22 | 8 |
| ആകെ | | 3 |

അവശേഷിക്കുന്ന 214718/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണ ക ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 1-20 ഐറിഷ് ഡ്രെയ്ൻ കോണക്രീറ്റ് പ്രവത്തിക്ക് അധിക നിരക്ക് പ്രകാരം നൽക തിരികെ ഈടാക്കി..

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവ്യത്തികളിൽ ഐറിഷ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഫോം വർക്കിനു കൂടി തുക വകയിരുത്തിയ 75.8.1 പ്രകാരമുള്ള നിരക്ക നൽകിയിട്ടുണ്ട് . ഫോം വർക്ക് ആവശ്യമല്ലാത്ത പ്രവൃത്തികൾക്ക് ഇതേ പഞ്ചായത്തിലെ പ്രൊജ നൽകിയ പോലെ 7291.28 രൂപ യാണ് അനുവദിച്ച് നൽകേണ്ടത്. താഴെ പറയുന്ന പ്രവൃത്തികളിലാണ

| | | |
|---|---|---|
| 1. | പള്ളിയാറപ്പടി ചെകിരിയൻമൂച്ചി റോഡ് | 6909.46 രൂപ |
| 2. | വളമംഗലം പിലാക്കൽ മൂച്ചിക്കുന്ന് റോഡ് | 5673.49 രൂപ |
| 3. | പൊറ്റമ്മൽ കണങ്കോട് റോഡ് | 8662.08 രൂപ |

അധികം നൽകിയതുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഒ 8/26.11.22 ന്റെ അടിസ്ഥാനത്തിൽ 5674 രൂപ രസീതി നമ്പർ 1220300915/30.11.22 പ്രകാരവും 122030091/30.11.22 പ്രകാരവും 8663 രൂപ റസീപ്റ്റ് നമ്പർ 12203008770/29.112022 പ്രകാരം തി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 കാലാവധി ദീർഘിപ്പിക്കൽ നടപടിക്രമങ്ങൾ പാലിച്ചില്ല.ഓഡിറ്റ് നിർദ്ദേശം - ഈടാക്കി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിക പൂർത്തീകരിക്കുകയോ കാലാവധി ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ നൽകുകയോ ഭരണ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. കരാറിലെ വ്യവസ്ഥ 7 പ്രകാരം പ്രവൃത്തി സമയക്രമം പാലിച്ച് ആദ്യ 3 മാസത്തേക്ക് ഒരു ശതമാനം നിരക്കിലും തുടർന്ന് വരുന്ന ഓരോ 3 മാസത്തിനും 2 ശ ഈടാക്കേണ്ടതാണ്. ഫൈനൽ ബിൽ നൽകുമ്പോൾ ഫൈൻ ഈടാക്കേണ്ടതായിരുന്നപ്രവൃത്തി ഈടാക്കേണ്ട ഫൈൻ സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തി | ഈടാക്കേണ്ട ഫൈൻ |
|---|---|---|
| 1. | വളച്ചെട്ടിയിൽ കുടിവെള്ള പദ്ധതി | 7107/-രൂപ |
| 2. | കുടുംബശ്രീ ഓഫീസ് സജ്ജീകരണം | 28423/-രൂപ |
| 3. | മരക്കാട്ട് പറമ്പ് അംഗനവാടി ചുറ്റുമതിൽ | 7889/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 7107 രൂപ രസീതി ( പ്രകാരവും 28423 രൂപ രസീതി നമ്പർ 1220300916/30.11.22 പ്രകാരവും 7889 രൂപ രസീതി ( പ്രകാരവും ഈടാക്കി . ഭാവിയിൽ ഇത്തരം അപാകതക വരാതെ സൂക്ഷിക്കേണ്ടതാണ്.

## 1-22 കൺവീനർക്ക് അധികം തുക നൽകിയത് തിരിച്ച് ഈടാക്കേണ്ടതാണ്

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളില്, GST നില അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റില് ഓവർഹെ % അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണെന്ന് എൽ.എസ്.ജി.ഡി ചീഫ് തിയ്യതിയിലെ ഡി.ബി13-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെയ്ത താഴെ ചേർത്തിട്ടുള്ള പ്ര അടവാക്കുന്നതിനുള്ള 5% കുറവ് വരുത്താതെ ആയത് കൂടി കൺവീനർക്ക് അനുവദിച്ച് ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തൃപ്പനച്ചി പി എച്.സി കെട്ടിടം പുനരുദ്ധാരണം (SO 151/22)

| | |
|---|---|
| അടങ്കൽ/ ചെലവ് | 1026900 (79900 വികസനഫണ്ട് + 600000 സിഎഫ്സി ഗ്രാന്റ് + സംരക്ഷണ ഗ്രാന്റ്) |
| കൺവീനർ | ശ്രീ. ബാലകൃഷ്ണൻ പി.സി |
| കരാർ നമ്പര് | AE/LSGD/PPT/125/2019-20/5.3.2020 |
| ടി.എസ് | 112023/2019-20 (C.I 31.06%) |
| എം ബുക്ക് | 9/19-20, 188/19-20, 189/19-20, 191/19-20, 192/19-20 |
| ബിൽ | വൗച്ചർ നമ്പർ 115/19.10.20 –347000<br>വൗച്ചർ നമ്പർ 210/20-21 - 600000 |
| | വൗച്ചർ നമ്പർ 4/29.6.21 – 79900 |
| മൂല്യ നിർണ്ണയ തുക | 1026900/- |
| തിരികെ ഈടാക്കേണ്ട തുക | 47762.79/- [le, 1026900 *5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോകൃത സമിതി കൺവീനർക്ക് അധികമായി ന ഉത്തരവാദികളായവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

2. തൃപ്പനച്ചി വനിത വ്യവസായ കേന്ദ്രം CFLTC ക്ക് സജ്ജീകരിക്കൽ (198/22)

| | |
|---|---|
| അടങ്കൽ/ ചെലവ് | 1495000 ( വികസനഫണ്ട് ) |
| കൺവീനർ | ശ്രീ. ബാലകൃഷ്ണൻ പി.സി |
| കരാർ നമ്പര് | AE/LSGD/PPT/80/20-21/12.10.20 |
| ടി.എസ് | LSGD/TS/2020-21/120527 Dated 10.10.20 (C.I 31.06%) |
| എം ബുക്ക് | 365/20-21, 372/20-21, 373/20-21 |
| ബിൽ | വൗച്ചർ നമ്പർ 116/28.10.20 –1323008 |
| | വൗച്ചർ നമ്പർ 5/29.6.21 – 91097 |

| | |
|---|---|
| മൂല്യ നിർണ്ണയ തുക | 1414105/- |
| തിരികെ ഈടാക്കേണ്ട തുക | 65772.35/- [ie, 1414105 *5/107.5] |

ഓവർഹെഡ് ചാർജ്ജിനത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി നൽകിയ 11353
ചീഫ് എഞ്ചിനിയറുടെ നിർദ്ദേശം പാലിക്കാതെ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനി
തിരിച്ചടക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ -26/29.11.22, 27/29.11.22 എന്നിവക്ക് മറുപടി നൽ

## 1-23 പച്ചക്കറി കൃഷി വികസനം-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട്: പച്ചക്കറി കൃഷി പ്രോത്സാഹനം

| ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം./ചെ |
|---|---|---|---|
